**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5990** **25-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ദുർബലമായ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ദുർബലമായ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>1.കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2024</u><br><br>അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സഹകരണസംഘം നിയമം വകുപ്പ് 57E പ്രകാരം കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2024 എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് 29.08.2024-ലെ ജി.ഒ.(പി) നം.168/2024/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>- കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.<br><br>- ധനസഹായത്തിനായി പ്രവർത്തന വൈകല്യം, പ്രവർത്തന മൂലധനത്തിന്റെ അഭാവം എന്നിവ മൂലം ബുദ്ധിമുട്ട് നേരിടുന്ന സംഘം ടി പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി സഹകരണസംഘം രജിസ്ട്രാർ മുഖേന സംസ്ഥാന ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.<br><br>- ദുർബലമായതോ, പ്രവർത്തന രഹിതമായതും എന്നാൽ പ്രവർത്തന സ്ഥിരത നേടാൻ കഴിവുള്ളതുമോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്. |

ടി പദ്ധതിക്കായി ബഡ്ജറ്റിൽ 223 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2.കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) സ്കീം, 2024

നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം/വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ള കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018-ൽ ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി), 2024 എന്ന പദ്ധതി അംഗീകരിച്ച് 09.08.2024-ലെ ജി.ഒ.(പി)നം.155/2024/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്യാരന്റീഡ് സംഘത്തിലെ ഓരോ നിക്ഷേപകനും ബാക്കിനിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിന് ടി സംഘങ്ങൾക്ക് വായ്പ/ധനസഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം.

3. 'പുനർജ്ജനി' പദ്ധതി

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കഴിയുംവിധം സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്രവികസനത്തിനും അതോടൊപ്പം അവയെ ലാഭകരമാക്കുന്നതിനുമായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് പുനർജ്ജനി.

2024-2025 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി 700 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നതിന് 360 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷം പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ആകെ 62.75 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

4. വനിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.

വനിത സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക

| | | | |
|---|---|---|---|
| | | | പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ധനസഹായം നൽകുന്ന സഹകരണ വകുപ്പിന്റെ പദ്ധതിയാണ് വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡറേഷനുമുള്ള സഹായം. ടി പദ്ധതിയിൽ ദുർബലമായ വനിതാ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് സഹായവും വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുന്ന പദ്ധതികൾക്കുള്ള സഹായം, വനിതാ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് ജില്ലാതലത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം, ലാഭത്തിൽ പ്രവർത്തിക്കുന്നതോ കാര്യക്ഷമമായ പദ്ധതികൾ ഏറ്റെടുക്കാൻ സാധ്യതയുള്ളതോ ആയ വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന സഹായം, വനിതാ സഹകരണ സ്ഥാപനങ്ങൾക്ക് ശിൽപശാലകൾ/പരിശീലനം നടത്തുന്നതിനുള്ള സഹായം, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. 2024-25 സാമ്പത്തികവർഷം ടി പദ്ധതിയിൽ ആകെ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 11 വനിതാസഹകരണ സംഘങ്ങൾക്കായി ആകെ 74ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br><u>1. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018</u><br><br>22.09.2018 ലെ ജി.ഒ.(പി) നം.116/2018/സഹ. പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018 അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം, നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി സ്കീം പ്രകാരം ലിക്വിഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി അഞ്ച് ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥയുണ്ട്.<br><br>2.<u>ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ (DICGC) യുടെ പരിരക്ഷ</u><br>സംസ്ഥാനത്ത് റിസർവ്വ് ബാങ്ക് നിയന്ത്രിക്കുന്ന 58 അർബൻ സഹകരണ ബാങ്കുകൾക്കും കേരള സംസ്ഥാന സഹകരണ ബാങ്കിനും റിസർവ്വ് ബാങ്ക് |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്യുന്ന ഇൻഷ്വറൻസ് പരിരക്ഷയായ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷൻ (DICGC) യുടെ പരിരക്ഷ ലഭിക്കുന്നു. ഡി.ഐ.സി.ജി.സി. ആക്ടിലെ സെക്ഷൻ 2(ജിജി)-ൽ നിർവ്വചിച്ചിരിക്കുന്ന യോഗ്യതയുള്ള എല്ലാ സഹകരണ ബാങ്കുകളും ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുന്നു. ടി പദ്ധതി പ്രകാരം 04.02.2020 മുതൽ അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷ പ്രസ്തുത സ്ഥാപനം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ